Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

24.10.2024

# ലോക പക്ഷാഘാത ദിനത്തോടനുബന്ധിച്ച് ജൂബിലിയിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു.

ലോക ആരോഗ്യ സംഘടന ആഹ്വാനം ചെയ്യുന്ന പക്ഷാഘാത ദിനത്തോടനുബന്ധിച്ച് 28-ാം തിയ്യതി ഒക്ടോബർ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ പൊതു ജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. സംഗീതസംവിധായകൻ വിദ്യാധരൻ മാസ്റ്റർ ചടങ്ങിൽ മുഖ്യാതിഥി ആയിരിക്കും, 2003 ൽ ആണ് ആദ്യത്തെ ത്രോമ്പോലൈസിസ് ഇൻജക്ഷൻ ജൂബിലിയിൽ ചെയ്യുന്നത്. 21 വർഷങ്ങൾക്കിപ്പുറം 2000 ത്തിലെറെ ഇത്തരത്തിലുള്ള ചികിത്സ അനുവദനിയമായ നലരമണിക്കുറിനുള്ളിൽ ജൂബിലി ന്യൂറോളജി വിഭാഗത്തിന് ചെയ്യുവാൻ സാധിച്ചു. ത്രോമ്പോലൈസിസ് ചികിത്സയുടെ എണ്ണത്തിൽ ഇന്ത്യയിൽ തന്നെ ആദ്യത്തെ പത്ത് സ്ഥാപനങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിക്കാൻ ജൂബിലിയ്ക്ക് സാധിച്ചു. മെക്കാനിക്കൽ ത്രോമ്പെക്റ്റമി ഉൾപ്പെടെ 400 ഓളം ഇന്റർവെൻഷണൽ ചികിത്സകളും ചെയ്യാൻ സാധിച്ചു. ജൂബിലി മിഷൻ ആശുപത്രി ഗോൾഡൻ ജൂബിലി ബ്ലോക്കിൽ ഉച്ചയ്ക്ക് 2 മണിക്ക് ചടങ്ങ് ആരംഭിക്കും തൃശ്ശൂർ ന്യൂറോളജിക്കൽ സൊസൈറ്റി, ഐ.എം.എ, ലയൺസ്ക്ലബ് , കേരള അസ്സോസിയേഷൻ ഓഫ് ന്യൂറോളജി എന്നീ സംഘടനകളുടെ അഭിമുഖ്യത്തിൽ തെക്കേ ഗോപുരനടയിൽ 27 ഞായറാഴ്ച രാവിലെ 6: 30 ന് ആരംഭിക്കുന്ന ബോധവൽക്കരണ വാക്കത്തോൺ ജില്ലാ ആശുപത്രി അങ്കണത്തിൽ സമാപിക്കും. 29 ചൊവ്വാഴ്ച ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിംഗിൽ ന്യൂറോളജി വിഭാഗം മേധാവി ഡോ.ഫിജു ചാക്കോ സ്ട്രോക്ക് വിഷയത്തെ സംബന്ധിച്ച് ക്ലാസ് നയിക്കും. 24 മണക്കൂറും 365 ദിവസം പ്രവർത്തിക്കുന്ന എമർജൻസി മെഡിസിൻ, സി.ടി സ്കാൻ, എം.ആർ.ഐ സ്കാൻ, ന്യൂറോളജി , കാത്ത്‌ലാമ്പ് എന്നി ഡിപ്പാർട്ട്മെന്റുകളുടെ ഒരുമിച്ചുള്ള പ്രവർത്തിയാണ്, നിശ്ചിത സമയപരിധിക്കുള്ളിൽ രോഗിക്ക് രക്ത തടസം അലിയിക്കുന്ന ഇൻജക്ഷൻ നൽകാൻ സാധിക്കുന്നത്.

<u>പത്രസമ്മേളനത്തിൽ പങ്കെടുത്തവർ</u>

1, ഫാദർ. റെന്നി മുണ്ടൻകുരിയൻ, ഡയറക്ടർ, ജെ.എം.എം.സി.ആർ.ഐ

2, ഫാദർ. പോൾ ചാലിശ്ശേരി. അസിസ്റ്റന്റ് ഡയറക്ടർ, ജെ.എം.എം.സി.ആർ.ഐ

3, ഡോ. ഷിബു കള്ളിവളപ്പിൽ മെഡിക്കൽ സുപ്രണ്ട് ജെ.എം.എം.സി.ആർ.ഐ

4, ഡോ. ഫിജുചാക്കോ. പ്രൊഫസർ, എച്ച്.ഒ.ഡി., ഡിപ്പാർട്ട്മെന്റ് ഓഫ് ന്യൂറോളജി , ജെ.എം.എം.സി.ആർ.ഐ

5, ഡോ. ഹരിസുധൻ.ടി, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ന്യൂറോളജി , ജെ.എം.എം.സി.ആർ.ഐ